بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 02.12.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 39

اَشۡهَدُ اَنۡ لَّاۤاِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ ഗുണങ്ങളും സ്ഥാനമാഹത്മ്യങ്ങളും ആണ് വിവരിച്ചു കൊണ്ടിരിക്കുന്നത്. ആളുകൾക്കിടയിൽ അദ്ദേഹം ഏറ്റവും പ്രിയപ്പെട്ടയാളായിരുന്നു എന്നതുമായി ബന്ധപ്പെട്ട് ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നതായി ഒരു നിവേദനമുണ്ട്. തിരുനബി(സ)യുടെ കാലത്ത്, ആരാണ് ജനങ്ങളിൽ ശ്രേഷ്ഠരെന്ന് ഞങ്ങൾ താരതമ്യം ചെയ്യുമായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ഏറ്റവും ശ്രേഷ്ഠനാണെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു. പിന്നെ ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ) നേയും പിന്നെ ഹദ്റത്ത് ഉസ്മാൻ(റ)നേയും ആയിരുന്നു ശ്രേഷ്ഠരായി മനസ്സിലാക്കിയിരുന്നത്. ഒരിക്കൽ ഉമർ(റ) അബൂബക്കർ(റ)നെ അഭിസംബോധന ചെയ്തുകൊണ്ട്, ജനങ്ങളിൽ അല്ലാഹുവിന്റെ റസൂൽ(സ) കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠനായുള്ളവനേ എന്ന് പറഞ്ഞയുടനെ ഹദ്റത്ത് അബൂബക്കർ പറഞ്ഞു: ഉമറിനേക്കാൾ മികച്ച ഒരു മനുഷ്യന്റെ മേൽ സൂര്യൻ ഉദിച്ചിട്ടില്ലെന്ന് നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ഹദ്റത്ത് സൽമാനും ഹദ്റത്ത് സുഹൈബും ഹദ്റത്ത് ബിലാലും(റ) ആളുകൾക്കിടയിൽ ഇരിക്കുകയായിരുന്നു. അബൂസുഫിയാൻ വന്നപ്പോൾ ആളുകൾ പറഞ്ഞു: അല്ലാഹുവാണ! അല്ലാഹുവിന്റെ വാളുകൾ അല്ലാഹുവിന്റെ ശത്രുവിന്റെ കഴുത്തുകളോട് ഇതുവരെ പ്രതികാരം തീർത്തിട്ടില്ല. ഇതുകേട്ട അബൂബക്കർ(റ) പറഞ്ഞു: ഖുറൈശി നേതാക്കന്മാരെക്കുറിച്ച് താങ്കൾ ഇങ്ങനെയാണോ സംസാരിക്കുന്നത്? അദ്ദേഹം നബി(സ)യുടെ സവിധത്തിൽ ഹാജറായപ്പോൾ തിരുനബി(സ) പറഞ്ഞു: അബൂബക്കർ! നിങ്ങൾ സൽമാൻ, സുഹൈബ്, ബിലാൽ(റ) എന്നിവരെ നീരസപ്പെടുത്തിയിരിക്കാം. നിങ്ങൾ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങളുടെ നാഥനെ നിങ്ങൾ നീരസപ്പെടുത്തിയിരിക്കുന്നു. ഇത് കേട്ട് ഹദ്റത്ത് അബൂബക്കർ(റ) ഈ മൂന്ന് പേരുടെ അടുത്ത് വന്ന് പറഞ്ഞു: പ്രിയ സഹോദരന്മാരേ! ഞാൻ നിങ്ങളെ നീരസപ്പെടുത്തിയിട്ടുണ്ടോ? ഇല്ല; അങ്ങനെയൊന്നുമില്ല എന്ന് ആളുകൾ പറഞ്ഞു. ഇവിടെ ഹദ്റത്ത് അബൂബക്കർ(റ) എത്ര വിനയാന്വിതനായിരുന്നു എന്ന് തെളിയുന്നു. നബി(സ)യോടുള്ള സ്നേഹത്തിന്റെയും അനുസരണത്തിന്റെയും നിലവാരം എന്തായിരുന്നു? നീ അവരെ ദേഷ്യം പിടിപ്പിച്ചിരുന്നോ എന്ന് മാത്രമാണ് ചോദിച്ചിരുന്നത്; പോയി ക്ഷമ ചോദിക്കാൻ പറഞ്ഞിരുന്നില്ല. എന്നാൽ അദ്ദേഹം ഉടൻ പോയി അവരോട് മാപ്പ് പറഞ്ഞു.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: നബി(സ) ഹിജ്റ വേളയിൽ സഹയാത്രികനായി അദ്ദേഹത്തെ തിരഞ്ഞെടുത്തത് ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ ഒരു സവിശേഷമായ ശ്രേഷ്ടതയായിരുന്നു. സൃഷ്ടികളിൽ ഏറ്റവും ഉത്തമനായിരുന്ന വ്യക്തിയുടെ പ്രയാസങ്ങളിൽ അദ്ദേഹം പങ്കാളിയായിരുന്നു. പ്രയാസങ്ങളുടെ തുടക്കം മുതൽ അദ്ദേഹത്തെ പ്രവാചകന്റെ പ്രത്യേക സുഹൃത്താക്കിയിരുന്നു. അതുമൂലം അല്ലാഹുവിന്റെ റസൂലിനോടുള്ള പ്രത്യേക ബന്ധം അവിടെ വ്യക്തമാകേണ്ടിയിരുന്നു. അതിലുണ്ടായിരുന്ന മറ്റൊരു യുക്തി, സഹാബികളിൽ ഏറ്റവും ധീരനും തഖ്‌വയുള്ളയാളും നബിക്ക് ഏറ്റവും പ്രിയങ്കരനും ധീരയോദ്ധാവുമായിരുന്നു സിദ്ദീഖ് അക്ബറെന്ന് അല്ലാഹുവിന് നന്നായി അറിയാമായിരുന്നു. അദ്ദേഹം സർവലോകനേതാവ്(സ)ന്റെ സ്നേഹത്തിൽ മുഴുകിയിരുന്നു.

ഹദ്റത്ത് അബൂബക്കറിനെക്കുറിച്ച് ഈ കാലഘട്ടത്തിലെ ചില ഓറിയന്റലിസ്റ്റുകളുടെ പരാമർശങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ഈ ആളുകൾ (യൂറോപ്യൻ ഓറിയന്റലിസ്റ്റുകൾ) തിരുനബി(സ)ന്റെ ഉന്നതവും ശ്രേഷ്ഠവുമായ സ്ഥാനം മനസ്സിലാക്കുന്നില്ല. മാത്രവുമല്ല, ഹദ്റത്ത് അബൂബക്കർ ഹദ്റത്ത് ഉമർ മുതലായവരുടെ കാര്യത്തിൽ, ഒരു തരത്തിലും ന്യായീകരി

ക്കാൻ കഴിയാത്തവിധം അവർ പെരുപ്പിച്ചു കാണിക്കുന്നു. ഹദ്റത്ത് അബൂബക്കർ ആണെങ്കിലും ഹദ്റത്ത് ഉമർ ആണെങ്കിലും, അവരെല്ലാം തങ്ങളുടെ യജമാനനായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ) യോട് പൂർണ ആത്മാർഥതയുള്ളവർ ആയിരുന്നു. ഈ ആളുകൾ അല്ലാഹുവിന്റെ റസൂലിന്റെ യഥാർഥ സേവകർ ആയിരുന്നു.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ ധാർമ്മികതയെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'മഹാന്മാരും ശക്തരുമായ രാജാക്കന്മാരും അബൂബക്കറിനെയും ഉമറിനെയും മാത്രമല്ല, അബൂഹുറൈറയെയും പേര് ഉച്ചരിച്ചുകൊണ്ട് റളിയല്ലാഹു അൻഹു എന്ന് പറയുന്നില്ലേ.? അവരെ സേവിക്കാൻ അവസരം ലഭിക്കണമെന്ന് അവർ ആഗ്രഹിച്ചിരുന്നില്ലേ? എന്നിരിക്കെ അബൂബക്കറും ഉമറും അബൂഹുറൈറയും(റ) ദാരിദ്ര്യത്തിന്റെ ജീവിതം നയിച്ച് ചില നഷ്ടങ്ങൾ ആണ് നേടിയതെന്ന് ആർക്കാണ് പറയാൻ കഴിയുക.? തീർച്ചയായും, അവർ ലൗകികമായ അർത്ഥത്തിൽ സ്വയം ഒരു മരണം സ്വീകരിച്ചിരുന്നു, എന്നാൽ ആ മരണം അവരുടെ ജീവിതമാണെന്ന് തെളിഞ്ഞു. ഒരു ശക്തിക്കും അവരെ വധിക്കാൻ കഴിയില്ല. ഖിയാമത്ത് വരെ അവർ ജീവിച്ചിരിക്കുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അബൂബക്കറിനെ നോക്കുക, അദ്ദേഹം ഒരു സാധാരണ വ്യാപാരിയായിരുന്നു. അല്ലാഹുവിന്റെ റസൂൽ(സ) അയയ്ക്കപ്പെട്ടില്ലായിരുന്നില്ലെങ്കിൽ മക്കയുടെ ചരിത്രമെഴുതുമ്പോൾ ചരിത്രകാരന്മാർ അബൂബക്കർ അറബികളിൽ മാന്യനും സത്യസന്ധനുമായ ഒരു വ്യാപാരിയായിരുന്നു എന്നു മത്രമേ പരാമർശിക്കുമായിരുന്നുള്ളൂ. എന്നാൽ അബൂബക്കറിന് ആ സ്ഥാനം ലഭിച്ചത് മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ പൂർണ അനുദാവനം കൊണ്ടാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇസ്‌ലാമിന്റെ സേവനവും മതത്തിനായുള്ള ത്യാഗവും കാരണം ഹദ്റത്ത് അബൂബക്കറിന് ഇന്ന് ലഭിച്ച മഹത്വം ലോകത്തിലെ മഹാരാജാക്കന്മാർക്ക് നേടിയെടുക്കാൻ സാധിച്ചോ?. ഹദ്റത്ത് അബൂബക്കറിനെ പോലെ മഹത്വം കൈവരിച്ച ഒരു ഭരണാധികാരിയും ഇന്ന് ലോകത്തിലില്ല. പകരം, ഹദ്റത്ത് അബൂബക്കറിനെ മാറ്റിനിർത്തിയാൽ, ഹദ്റത്ത് അബൂബക്കറിന്റെ സേവകർക്ക് മുസ്‌ലീങ്ങളുടെ ദൃഷ്ടിയിൽ ഉള്ള മഹത്വംപോലും വലിയ വലിയ രാജാക്കന്മാർക്ക് ഇല്ല. മറിച്ച്, വലിയ ബഹുമാന്യരേക്കാൾ അബൂബക്കറിന്റെ നായയെപോലും ഞങ്ങൾ ഇഷ്ടപ്പെടുന്നു എന്നതാണ് സത്യം, കാരണം അവർ മുഹമ്മദ് റസൂലുല്ലാഹി(സ)ന്റെ ദാസരായിരുന്നു. മുഹമ്മദ്(സ)ന്റെ അടിമയാകുന്നവന്റെ എല്ലാം പിന്നീട് നമുക്ക് പ്രിയപ്പെട്ടതായി മാറാൻ തുടങ്ങുന്നു. ഇപ്പോൾ ഈ മഹത്വം നമ്മിൽ നിന്ന് ആർക്കും എടുത്തുകളയാൻ കഴിയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇസ്‌ലാമിലേക്ക് വളരേ വൈകി പ്രവേശിച്ച, ഹദ്റത്ത് അബൂബക്കറിന്റെ പുത്രന്മാരിൽ ഒരാൾ ഒരിക്കൽ നബി(സ)യുടെ പള്ളിയിൽ ഇരുന്നു; പലതരം കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. സംസാരത്തിന് ഇടയിൽ അവർ ഹദ്റത്ത് അബൂബക്കറിനോട് പറഞ്ഞു: പിതാവേ! ആ യുദ്ധത്തിന്റെ അവസരത്തിൽ ഞാൻ ഒരു കല്ലിന് പിന്നിൽ മറഞ്ഞിരുന്നു. രണ്ടു പ്രാവശ്യം താങ്കൾ എന്റെ മുന്നിലൂടെ കടന്നു പോയി; വേണമെങ്കിൽ എനിക്ക് താങ്കളെ കൊല്ലാമായിരുന്നു. പക്ഷെ നിങ്ങൾ എന്റെ പിതാവ് ആണെന്ന ചിന്തയാൽ ഞാൻ അതിനു മുതിർന്നില്ല. ഇത് കേട്ട് അബൂബക്കർ പറഞ്ഞു: അന്ന് ഞാൻ നിന്നെ കണ്ടിരുന്നില്ല. ഞാൻ നിന്നെ കണ്ടിരുന്നെങ്കിൽ, നീ അല്ലാഹുവിന്റെ ശത്രുവായി യുദ്ധമൈതാനത്ത് വന്നതിനാൽ, ഞാൻ നിന്നെ തീർച്ചയായും കൊല്ലുമായിരുന്നു.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ ശ്രേഷ്ഠമായ ധാർമ്മികതയെക്കുറിച്ച്, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സൗഭാഗ്യത്തിന്റെ വെളിച്ചം നേരത്തേ തന്നെ ഉണ്ടായിരുന്ന വ്യക്തിയായിരുന്നു അബൂബക്കർ. അതിനാൽ, റസൂൽ കരീം(സ)ന്റെ പാവന പാഠങ്ങൾ ഉടൻ തന്നെ അദ്ദേഹത്തെ ആകർഷിക്കുകയും പ്രബുദ്ധനാക്കുകയും ചെയ്തു. അദ്ദേഹം നബിയോട് ഒന്നും തർക്കിച്ചില്ല, അടയാളങ്ങളോ ദൃഷ്ടാന്തങ്ങളോ ഒന്നും ചോദിച്ചില്ല. താങ്കൾ പ്രവാചകത്വം അവകാശപ്പെടുന്നുണ്ടോ എന്ന് മാത്രമാണ് ചോദിച്ചത്. അതെ എന്ന് തിരുനബി(സ) പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ഏറ്റവും ആദ്യം വിശ്വസിക്കുന്നു എന്നതിന് താങ്കൾ സാക്ഷിയാകുക. ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് വളരെ കുറച്ച് മാത്രമേ ഹിദായത്ത് ലഭിക്കൂ; എന്നാൽ സൽഭാവനയോടെയും ക്ഷമയോടെയും പ്രവർത്തിക്കുന്നവർ ഹിദായത്തിൽ പൂർണമായും പങ്കാളികളാകുന്നു എന്നത് അനുഭവിച്ചറിഞ്ഞതാണ്. അതിന്റെ മാതൃക അബൂബക്കറിലും അബൂജഹലിലും കാണാൻ സാധിക്കുന്നു. അബൂബക്കർ തർക്കിച്ചില്ല, അടയാളവും ചോദിച്ചില്ല, പക്ഷേ അടയാളം ചോദിച്ചവർക്ക് ലഭിക്കാത്തത് അദ്ദേഹത്തിന് നൽകപ്പെട്ടു. അദ്ദേഹം അടയാളങ്ങൾക്കു മേൽ അടയാളങ്ങൾ ദർശിച്ചു. സ്വയം ഒരു വലിയ

അടയാളമാകുകയും ചെയ്തു. അബൂജഹൽ തർക്കിക്കുകയും എതിർക്കുകയും ചെയ്തു. അടയാളങ്ങൾക്കുമേൽ അടയാളങ്ങൾ കണ്ടു; പക്ഷേ അയാൾക്ക് കാണാൻ കഴിഞ്ഞില്ല, അവസാനം അയാൾ മറ്റുള്ളവർക്ക് അടയാളമായി എതിർപ്പിൽ തന്നെ നാശമടയുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: സിദ്ദീഖും ഫാറൂഖും ഉസ്മാനും[റ] സദ്വൃത്തരും സത്യവിശ്വാസികളുമാണെന്നും അല്ലാഹു തിരഞ്ഞെടുത്ത ആളുകളിൽ ഒരാളാണെന്നും എന്റെ നാഥൻ എനിക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നു. പരമകാരുണികനായ ദൈവത്തിന്റെ അനുഗ്രഹത്താൽ വിശേഷിപ്പിക്കപ്പെട്ടവരായിരുന്നു (അവർ). ദിവ്യജ്ഞാനമുള്ള മിക്ക ആളുകളും അവരുടെ സദ്ഗുണങ്ങൾക്ക് സാക്ഷ്യം വഹിച്ചു. സർവ്വശക്തനായ ദൈവത്തിന്റെ പ്രീതിക്കായി അവർ സ്വന്തം നാട് ഉപേക്ഷിച്ചു. അവർ എല്ലാ യുദ്ധങ്ങളുടെയും തീചൂളയിൽ പ്രവേശിച്ചു, ഉഷ്ണകാലത്തെ വെയിലും ശീതകാല രാത്രിയിലെ തണുപ്പും കാര്യമാക്കാതെ, യുവാക്കളെപ്പോലെ, അവർ മതത്തിന്റെ മാർഗങ്ങളിൽ ലയിച്ചു. തങ്ങളിലേക്കും മറ്റുള്ളവരിലേക്കും അവർ ആകൃഷ്ടരാകാതെ, സർവലോകങ്ങളുടെ നാഥനുവേണ്ടി എല്ലാവരോടും വിടപറഞ്ഞു. അവരുടെ കർമ്മങ്ങളിൽ ഒരു സുഗന്ധവും അവരുടെ പ്രവൃത്തികളിൽ ഒരു സൗരഭ്യവുമുണ്ട്. ഇതെല്ലാം അവരുടെ പദവിയുടെ പൂന്തോട്ടങ്ങളിലേക്കും അവരുടെ സൽകർമങ്ങളുടെ പൂങ്കാവനത്തിലേക്കും നയിക്കുന്നു. അവയിൽ നിന്നുള്ള കാറ്റിന്റെ വീശൽ അവരുടെ രഹസ്യങ്ങളെ വെളിപ്പെടുത്തുന്നു. അവയുടെ പ്രകാശങ്ങൾ പൂർണമായ തിളക്കത്താൽ നമുക്ക് വെളിപ്പെടുന്നു.

വീണ്ടും ആ മഹാത്മാവ് പറയുന്നു: അല്ലാഹുവാണ! അല്ലാഹു, അബൂബക്കർ, ഉമർ എന്നീ രണ്ടു മഹാത്മാക്കളേയും ദുൽനൂറൈൻ ആയ മൂന്നാമനെയും (ഉസ്മാനേയും) ഇസ്‌ലാമിന്റെ കവാടവും സൃഷ്ടികുലോത്തമനായ മുഹമ്മദ് റസൂലുല്ലാഹ്[സ]ന്റെ സൈന്യത്തിന്റെ ആദ്യ ശ്രേണിയിലുള്ള സൈന്യവുമാക്കി മാറ്റി. എന്നാൽ അവരുടെ മഹത്വം നിഷേധിക്കുകയും അവരുടെ അനിഷേധ്യമായ തെളിവുകളെ നിന്ദ്യമായി കാണിക്കുകയും അവരോട് മാന്യമായി പെരുമാറാതെ അവരെ അപമാനിക്കുകയും അവരെ മോശമാക്കുകയും ചീത്തപറയുകയും ചെയ്യുന്നവരുടെ ദുർപര്യവസാനത്തെ കുറിച്ചും വിശ്വാസ രാഹിത്യത്തെക്കുറിച്ചും ഞാൻ ഭയപ്പെടുന്നു.

വീണ്ടും പറയുന്നു: അബൂബക്കർ സിദ്ദീഖും ഉമർ ഫാറൂഖും[റ] സ്വഹാബിവര്യൻമാരിൽ പെട്ടവരായിരുന്നു, ഇരുവരും തങ്ങളുടെ കടമകളിൽ ഒരിക്കലും അശ്രദ്ധയോ അലംഭാവമോ കാണിച്ചിരുന്നില്ല. അവർ ഭക്തിയെ തങ്ങളുടെ മാർഗവും നീതിനിർവഹണത്തെ തങ്ങളുടെ ലക്ഷ്യവുമാക്കി. അവർ ഇരുവരുടെയും സത്യസന്ധതയുടെയും ആത്മാർത്ഥതയുടെയും മഹത്വം എത്രയായിരുന്നു. രണ്ടു പേരും മറവു ചെയ്യപ്പെട്ട സ്ഥലം ഏറെ അനുഗ്രഹീതമാണ്. മൂസാ നബിയും ഈസാ നബിയും ജീവിച്ചിരുന്നെങ്കിൽ ആ സ്ഥലത്ത് മറവു ചെയ്യപ്പെടാൻ അവർ അസൂയപ്പെട്ടുകൊണ്ട് ആഗ്രഹിക്കുകയും ചെയ്യുമായിരുന്നു.

ഇനിയും ചില ഉദ്ധരണികൾ ബാക്കിയുണ്ട്. പിന്നീട് അവ അവതരിപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** [atba]
at Masjid Mubarack U.K. – on 02.12.2022
Malayalam Translation & Typing: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.
**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**